**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 16** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷ സംബന്ധിച്ച് സി.എ.ജി. യുടെ പരാമർശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-2021 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി. യുടെ റിപ്പോർട്ടിൽ ഭക്ഷ്യസുരക്ഷ നിയമം പാലിക്കുന്നതിൽ സംസ്ഥാനം വീഴ്ച വരുത്തിയതായി പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇല്ല. 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൻമേലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കൽ, ലൈസൻസും രജിസ്ട്രേഷനും നൽകൽ, പരിശോധന, സാംപിൾ ശേഖരണം, ഭക്ഷ്യവിശകലനം, നിരീക്ഷണം എന്നിവയിൽ വിവിധ ഘട്ടങ്ങളിൽ അപാകത നേരിട്ടതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കൽ, ലൈസൻസും രജിസ്ട്രേഷനും നൽകൽ, പരിശോധന, സാംപിൾ ശേഖരണം, ഭക്ഷ്യവിശകലനം, നിരീക്ഷണം എന്നിവയിൽ വിവിധ ഘട്ടങ്ങളിൽ അപാകത നേരിട്ടതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കൂടുതൽ ശക്തമായി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ് റിപ്പോർട്ടിലുള്ളത്. ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-2021 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി. യുടെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കി വരുന്നു. സി.എ.ജി യുടെ റിപ്പോർട്ടിന്മേലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ